# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*276** **07.10.2016 ൽ മറുപടിയ്ക്ക്**

## കാർഷിക വികസന നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ.നാണു**<br>**ശ്രീ.കെ.കൃഷ്ണൻകുട്ടി**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ.കെ.ബി.ഗണേഷ് കുമാർ** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) 28.03.2015-ലെ സർക്കാർ ഉത്തരവ് (പി) 59/15/കൃഷി പ്രകാരമുള്ള സംസ്ഥാന കാർഷിക വികസന നയത്തിലെ ഏതെല്ലാം കാര്യങ്ങൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാന കാർഷിക വികസന നയത്തിൽ ശുപാർശ ചെയ്തിട്ടുള്ള കൃഷി വകുപ്പിന്റെ പുനർ നാമകരണവും കർഷകക്ഷേമ ബോർഡിന്റെ തത്വത്തിലുള്ള അംഗീകാരവും നടപ്പിൽ വരുത്തി. ഈ സർക്കാർ കർഷകരുടെ ക്ഷേമവും കാർഷികോത്പാദന വർദ്ധനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. |
| ബി) കാർഷിക വികസന നയം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | ബി) കർഷക ക്ഷേമത്തോടൊപ്പം പൊതുജനാരോഗ്യം പരിസ്ഥിതി സംരക്ഷണം, കർഷകർക്ക് മികച്ച വരുമാനം എന്നിവ ലക്ഷ്യമാക്കിയുള്ള സമഗ്ര ജൈവ-കാർഷിക നയം രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. |

S. [signature]

**സെക്ഷൻ ഓഫീസർ**